കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# പുതുനഗരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി19/119/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഫോൺ – 04912520145
ഇ-മെയിൽ-dopkd.ksad@kerala.gov.in

തീയതി – 11.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുതുനഗരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുനഗരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം -1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം. കെഎസ്എ-പികെഡി19/119/2020 തീയതി – 11.03.2020

# പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2018 മുതൽ 04.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ. സതീശൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-11-2019 മുതൽ<br>15-11-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി. പി.ജി ബിന്ദു | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി. രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഞ്ജിത്ത്. ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.മുഹമ്മദ് ഫാറൂഖ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം | 01-04-2018 മുതൽ 10-12-2018 വരെ<br>20-01-2019 മുതൽ 31-03-2019 വരെ |
| | ശ്രീമതി. സിന്ധു.സി.എൻ (ചാർജ്ജ്) | 11-12-2018 മുതൽ 19-01-2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ആഷ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.സുദർശിനി.സി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. പ്രദീപ് കുമാർ | 01.04.2018 മുതൽ 18.07.2018FN വരെ |
| | ശ്രീമതി.താജുന്നീസ.കെ.ജെ | 18.07.2018AN മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ആഗ്നസ്.എച്ച്.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.സജ്ന.ആർ | 01.04.2018 മുതൽ 18.06.2018FN വരെ |
| | ശ്രീമതി.അനഷ.വി | 18.06.2018AN മുതൽ 22.06.2018FN വരെ |
| | ശ്രീമതി.റീജ.എസ്.രാജ് | 22.06.2018AN മുതൽ 21.09.2018 വരെ |
| | ശ്രീ.അഭിലാഷ് കൃഷ്ണൻ | 22.09.2018 മുതൽ 29.10.2018FN വരെ |
| | ശ്രീമതി. അനശ്രീ | 29.10.2019AN മുതൽ 20.03.2019FN വരെ |
| | ശ്രീമതി.ഷൈലജ.കെ.പി | 20.03.2019AN മുതൽ 31.03.2019വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | ഡോ.സത്യാംഗപാണി | 01.04.2018 മുതൽ 13.11.2018 വരെ |
| | ഡോ.നോബിൾ തൈക്കാട്ടിൽ | 14.11.2018 മുതൽ 25.11.2018 വരെ |
| | ഡോ.ബിജിഷ | 26.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ജ്യോതി.പി.ആർ | 01.04.2018 മുതൽ 31.01.2019FN വരെ |
| | ഡോ.കെ.ശിവദാസ് മേനോൻ | 31.01.2019AN മുതൽ 19.02.2019FN വരെ |
| | ഡോ.ഹുദ.എ | 19.02.2019AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ഷീജ.എസ് | 01.04.2018 മുതൽ 01.10.2018 വരെ |
| | ഒഴിവ് | 2.10.18 മുതൽ 26.10.18 വരെ |
| | ഡോ.ഇന്ദു സുന്ദർ | 27.10.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രമ്യ പി രവീന്ദ്രൻ | 01.04.2018FN മുതൽ 07.05.2018 വരെ |
| | ഡോ. ദാമോദരൻ | 07.05.2018AN മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻടക്ടർ | ശ്രീമതി.പ്രിൻസി എസ് ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.സിന്ധു.സി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം

### ഭാഗം 1

### ഓഡിറ്റ് റിപ്പോർട്ട്

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| | [illegible] | |

| | | |
|---|---|---|
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | രശീതികളുടെ ഉപയോഗത്തിലെയും പണം പിരിവിലെയും അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-10 |
| 11 | ബജറ്റ് തയ്യാറാക്കൽ- അവലോകനം | 1-11 |
| 12 | വസ്തു കൈമാറ്റത്തിന് നിയമപരമല്ലാതെ നികുതി ഈടാക്കുന്നു | 1-12 |
| 13 | പ്ലിന്ത് ഏരിയ തെറ്റായി കണക്കാക്കി വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നതിനാൽ നികുതി നഷ്ടം | 1-13 |
| 14 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 15 | ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-15 |
| 16 | വാടക, ലേലം- വരുമാന വർദ്ധനവിന് നടപടികൾ കൈക്കൊള്ളേണ്ടതാണ് | 1-16 |
| 17 | ഡെപ്പോസിറ്റ് ചെയ്തു, കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവർത്തികളുടെ പൂർത്തികരണ രേഖകൾ ലഭ്യമായിട്ടില്ല | 1-17 |
| 18 | കരിപ്പോട്ത്തറ അങ്കണവാടി കെട്ടിട നിർമ്മാണം - പഞ്ചായത്ത് വിഹിതം നൽകി പ്രവൃത്തി നടന്നിട്ടില്ല. | 1-18 |
| 19 | പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ, ഫ്രണ്ട് ഓഫീസ് ഹാൾ പാർട്ടീഷൻ വർക്ക് തൻ വർഷവും പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 20 | പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനം- | 1-20 |
| 21 | കുടിവെള്ള പദ്ധതി മോട്ടോർ റിപ്പയർ | 1-21 |
| 22 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | 1-22 |
| 23 | അംഗീകാരമില്ലാതെ ദിവസവേതനത്തിന് ആളെ നിയോഗിച്ചു | 1-23 |
| 24 | തെരുവ് വിളക്കുകളുടെ ആസ്തിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-24 |
| 25 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ -നിർവഹണത്തിലെ അപാകതകൾ | 1-25 |
| 26 | ലൈഫ് ഭവന പദ്ധതി. | 1-26 |
| 27 | ODF-പദ്ധതി-ചെലവഴിക്കാതെ വശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്. | 1-27 |
| 28 | ഖരമാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും വന്ന തുക ചെലവഴിച്ചിട്ടില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം | 1-29 |
| 30 | ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില | 1-30 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 31 | യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 1-31 |
| 32 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല | 1-32 |
| 33 | വനിതാ തൊഴിൽശാല നിർമ്മാണം ,കെപി തെരുവ് പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-33 |
| 34 | ഇ-ടെണ്ടർ ഫോം തുക പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ് | 1-34 |
| 35 | ഭരണസമിതി തീരുമാനങ്ങൾ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-35 |
| 36 | കരിപ്പോട്-പല്ലശ്ശന റോഡ് അഴുക്കുചാൽ സ്ലാബിടൽ പ്രവൃത്തി- പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം | 1-36 |
| 37 | STSB അക്കൗണ്ടിലെ ബാലൻസ് തുക തിരിച്ചടക്കേണ്ടതാണ് | 1-37 |

ഭാഗം-II

ഇല്ല

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ -നിർവഹണത്തിലെ അപാകതകൾ | 3-1 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |


<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

27.03.2018 തിയ്യതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ തൻവർഷത്തെ പ്രതീക്ഷിത വരവ് 106362941.00 രൂപയും ചെലവ് 103026050.00 രൂപയും നീക്കിയിരിപ്പ് 3336891.00 രൂപയുമാണ്. റിവൈസ്ഡ്/ സപ്ലിമെന്ററി ബജറ്റ് 28.02.2019 -ന് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 14-05-2019 | 17-06-2019 | 18-06-2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2251721 |
| വരവ് | 75042826 |
| ആകെ | 77294547 |
| ചെലവ് | 72434436 |
| നീക്കിയിരിപ്പ് | 4860111 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12094000 | 12094000 | 10610220 | 1483780 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി<br>(ACR പ്രകാരം) | | 0 | 6859000 | 6859000 | 5935805 | 923195 |
| വികസന ഫണ്ട്-ടി.എസ്.പി<br>(ACR പ്രകാരം) | | 0 | 56000 | 56000 | 0 | 56000 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | | 0 | 2726000 | 2726000 | 2618832 | 107168 |
| മെയിന്റനൻസ്, നോൺ-റോഡ്<br>(ACR പ്രകാരം) | | 0 | 2780000 | 2780000 | 2758026 | 21974 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 5613000 | 5613000 | 4680784 | 932216 |
| കെ.എൽ.എസ്.ജി.ഡി.പി<br>(ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 29484 | 97055 | 126539 | 129539 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 21426489 | 21426489 | 21426489 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10831 | 569171 | 580002 | 573448 | 6554 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 835553 | 459795 | 1295348 | 538936 | 756412 |
| | ടി.എസ്.സി | 243624 | 130000 | 373624 | 130000 | 243624 |
| | ശുചിത്വ മിഷൻ | 98775 | 1654937 | 1753712 | 0 | 1753712 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | തൊഴിൽ രഹിത വേതനം | 0 | 92640 | 92640 | 92640 | 0 |
| | വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 0 | 420000 | 420000 | 420000 | 0 |
| | നെൽകൃഷി ഉൽപാദന ബോണസ് | 0 | 245470 | 245470 | 245470 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1288400 | 1446970 | 2735370 | 1545259 | 1190111 |
| | ജില്ലാ പഞ്ചായത്ത് | 0 | 3382085 | 3382085 | 3382085 | 0 |
| ബി ഫണ്ട് | | 0 | 758110 | 758110 | 758110 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 462209 | 6893335 | 7355544 | 6506083 | 849461 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 750174 | 36041829 | 36792003 | 36563530 | 228473 |
| | ട്രഷറി അക്കൗണ്ട് | 462209 | 6893335 | 7355544 | 6506083 | 849461 |
| മറ്റിനം | ഇന്ത്യൻ ബാങ്ക് ലയബിലിറ്റി അക്കൗണ്ട് | 843398 | 1872205 | 2715603 | 334921 | 2380682 |
| | നിർമ്മൽ പുരസ്കാർ | 185109 | 6562 | 191671 | 0 | 191671 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 104745651 | 88 | 57079862 | 1 | 24 | 77.87 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5362500 | 3999913 | 74.59 |
| വി.ഇ.ഒ -1 | 3 | 2 | 67850150 | 31158650 | 45.92 |
| വി.ഇ.ഒ -2 | 3 | 3 | 3003335 | 3003332 | 99.99 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 6 | 4 | 3695650 | 2699191 | 73.03 |
| സെക്രട്ടറി | 27 | 21 | 6522305 | 5002754 | 76.70 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 61 | 47 | 16004301 | 9740662 | 60.86 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 650000 | 635450 | 97.76 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ | 1 | 1 | 40000 | 40000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ- ഹോമിയോ | | | | | |
| വെറ്ററിനറി സർജ്ജൻ | 1 | 1 | 800000 | 200000 | 25 |
| ഡയറി ഫാം ഇൻടക്ടർ | 1 | 1 | 150000 | 150000 | 100 |
| അസി. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 4 | 3 | 367410 | 149910 | 40.80 |
| ആകെ | 113 | 89 | 104745651 | 57079862 | 54.49 |

ആകെ വകയിരുത്തിയ പ്രൊജക്ടുകളിൽ 78% പൂർത്തീകരിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയിൽ 55% ചെലവഴിച്ചിട്ടുണ്ട്. ആസൂത്രണസമിതിയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനട്സ്, പ്രൊജക്ട് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ മോണിറ്ററിംഗ് മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ല എന്ന് കാണുന്നു. പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് രേഖാമൂലം കൈമാറേണ്ടതാണ്. പ്രൊജക്ടുകൾക്ക് തുക വകയിരുത്തുമ്പോൾ അവ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെന്ന് ധനകാര്യ വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉറപ്പാക്കേണ്ടതാണ്.

ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പുകൾ , സ്റ്റാൻഡിംഗ് കമ്മിറ്റികൾ ,ഭരണസമിതി എന്നിവർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും നിർവ്വഹണവേളയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നടപടിക്രമങ്ങൾ സ്വീകരിച്ച് യഥാസമയം പദ്ധതി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണാധികാരികളുടെ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

# 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 92640 | 48 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2618800 | 202 |
| 3 | വിധവാ പെൻഷൻ | 9905200 | 800 |
| 4 | വാർദ്ധക്യകാല പെൻഷൻ | 13038900 | 1139 |
| 5 | വികലാംഗ പെൻഷൻ | 2518800 | 217 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 277200 | 24 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2019 3 PM -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17455/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. താഴെ പറയുന്നവയിൽ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

- ആസൂത്രണ സമിതി മിനിറ്റ്സ്, സ്റ്റാറ്റസ് റിപ്പോർട്ട്, പൗരാവകാശരേഖ എന്നിവ ഹാജരാക്കിയിട്ടില്ല.
- 2018-19 ലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി കൂടുകയോ വിവരങ്ങൾ കൃത്യമായി മിനിറ്റ്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
- പഞ്ചായത്തിലെ 2018-19 വർഷത്തെ പ്രൊക്യുർമെന്റ് കമ്മിറ്റി ആകെ ഒരു പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ.
- വസ്തുനികുതി അരിയർ ഡിമാൻഡ് മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബുക്ക് അഡ്ജസ്റ്റ്മെന്റ്, പ്രയർ പീരിയഡ് ഇൻകം എന്നീ തുകകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
- കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം കുടിശ്ശിക 2,96,25,279/- രൂപ വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റിൽ ആസ്തി ബാധ്യതകൾ ശരിയായി പ്രതിഫലിക്കുന്നില്ല.
- രശീതികളുടെ ഉപയോഗത്തിലെയും പണം പിരിവിലെയും അപാകതകൾ പരിഹരിക്കേണ്ടതാണ്
- ചരക്ക് സേവന നികുതി നിലവിൽ വന്നതിനാൽ നിർത്തലാക്കിയ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദനികുതി പുനസ്ഥാപിച്ചുകൊണ്ട് സ.ഉ(കൈ) നം.112/2019/തസ്വഭവ തി 31.08.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.
- ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും സമയക്രമം പാലിച്ചിട്ടില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റ് ചർച്ചകളിൽ ഉയർന്നുവന്നിട്ടില്ല.
- തനതു വരുമാനം താരതമ്യേനെ കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് വലിയൊരു ബാധ്യതയാകാതിരിയ്ക്കാൻ ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.
- തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ , സെരുവു വിളക്കുകളുടെ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിലെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 09-10-2019 | 09/2019 | 09-10-2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-2011 മുതൽ 11-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | 08-04-2011 |

# 1-10 രശീതികളുടെ ഉപയോഗത്തിലെയും പണം പിരിവിലെയും അപാകതകൾ പരിഹരിക്കേണ്ടതാണ്

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള മാന്വൽ രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല

| ക്രമ നം | ബുക്ക് നം | രശീതി നം | തുക |
|---|---|---|---|
| 1 | 41337 | 1 | 538 |
| 2 | 19685 | 49 | 403 |
| 3 | 35553 | 58 | 20 |
| 4 | 41339 | 12 | 139 |

2) 2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച ബുക്ക് നം. 44627 സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്യാതെ രശീതി നം. 21, 22 എന്നിവ ഇഷ്യൂ ചെയ്തിരിക്കുന്നു.

3) താഴെ പറയുന്ന മാന്വൽ രശീതികൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്തിട്ടില്ല.

| ബുക്ക് നം | രശീതി നം |
|---|---|
| 41337 | 60-100 |
| 41338 | 22-100 |
| 41336 | 20-100 |
| 35544 | 81-100 |

4) ചരക്ക് സേവന നികുതി നിലവിൽ വന്നതിനാൽ നിർത്തലാക്കിയ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദനികുതി പുനസ്ഥാപിച്ചുകൊണ്ട് സ.ഉ(കൈ) നം.112/2019/ തസ്വഭവ തി 31.08.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100 രൂപയിൽ കൂടുതലുള്ളവയ്ക്ക് 8.5 ശതമാനവുമായി വിനോദനികുതി ഈടാക്കേണ്ടതും ജിഎസ്ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കകം 01.09.2019 മുതൽ പിരിച്ച നികുതി തദ്ദേശ സ്ഥാപനത്തിൽ ഒടുക്കേണ്ടതുമാണ്. നിലവിൽ 2 തീയേറ്ററുകളാണ് പഞ്ചായത്ത് പ്രദേശത്തുള്ളത്. മേൽ ഉത്തരവ് 01.09.2019 മുതൽ പ്രാബല്യത്തിലാണെന്നിരിക്കെ 10/2019, 11/2019 മാസങ്ങളിലെ രശീതികൾ പരിശോധിച്ചതിൽ വരവ് വന്നതായി കാണുന്നില്ല.
ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 13/13.11.2019 -ന് അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും വിനോദ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 ബജറ്റ് തയ്യാറാക്കൽ- അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട സമയക്രമം താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 23.01.2018 ന് ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കുകയും ഉദ്യോഗസ്ഥരിൽ നിന്നും പ്രപ്പോസലുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 19.02.2018-ൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും 20.02.2018 -ന് വികസന, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളും ബന്ധപ്പെട്ട പ്രപ്പോസലുകൾ ചർച്ചചെയ്യുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 23.02.2018 -ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും 27.03.2018 ന് ചേർന്ന ഭരണസമിതി യോഗം ബജറ്റ് ചർച്ചചെയ്യുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും സമയക്രമം പാലിച്ചിട്ടില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റ് ചർച്ചകളിൽ ഉയർന്നുവന്നിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 09/12.11.2019 ന് പദ്ധതി രൂപീകരണം പൂർത്തിയാക്കി പ്ലാൻ ഫണ്ട് പ്രോജക്ടുകൾ അന്തിമമാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം കാരണമാണ് സമയക്രമം പാലിക്കാൻ കഴിയാതെ പോയതെന്നും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി ബജറ്റിന്റെ ഭാഗമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിനൽകിയിട്ടുണ്ട്.
ബജറ്റ് നടപടിക്രമങ്ങളിൽ സമയക്രമം പാലിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 വസ്തു കൈമാറ്റത്തിന് നിയമപരമല്ലാതെ നികുതി ഈടാക്കുന്നു

പുതുനഗരം ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ ലഭിക്കുന്ന സംഗതികളിൽ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂല്യത്തിന്റെ 1% തുക വസ്തുകൈമാറ്റ നികുതിയായി ഈടാക്കിവരുന്നുണ്ട്. 2018-19 വർഷം 32930/- രൂപ ഉടമവസ്ഥാവകാശം കൈമാറുന്നതിനുള്ള ഫീസ് എന്ന ഹെഡിൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 206(1) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരം ചുമത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവിനെ സംബന്ധിക്കുന്നതുമായ ഓരോ കരണത്തിലും 1959 -ലെ കേരള മുദ്രപത്ര ആക്ട് പ്രകാരം ചുമത്തിയിട്ടുള്ള നികുതിയിന്മേലുള്ള ഒരു സർചാർജ്ജിന്റെ രൂപത്തിലും അത്തരം കരണങ്ങൾക്ക് നേരെ പറഞ്ഞിരിക്കുന്ന തുകയുടെ അഞ്ചു ശതമാനത്തിൽ കവിയാതെ സർക്കാർ നിശ്ചയിക്കാവുന്ന നിരക്കിലുമാകേണ്ടതാണ്. വകുപ്പ് 206(3) വ്യവസ്ഥ ചെയ്യുന്നത് കരം പിരിക്കുകയും, അത് ഗ്രാമപഞ്ചായത്തിന് കൊടുക്കുകയും അത് പിരിച്ചെടുക്കുന്നതിൽ സർക്കാരിന് നേരിട്ട് ഏതെങ്കിലും ചെലവ് കിഴിക്കുകയും ചെയ്യുന്നതും ക്രമപ്പെടുത്താൻ സർക്കാരിന്, നിയമത്തിന് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്നാണ്. വകുപ്പ് 206(4) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പിരിച്ചെടുത്ത തുകകൾ ഓരോ കൊല്ലവും സംസ്ഥാനത്തൊട്ടാകെയുള്ളവയുമായി സഞ്ചയിക്കേണ്ടതും, കരം പിരിച്ചെടുക്കുന്നതിനുള്ള ചെലവായി അതിൽ നിന്നും മൂന്നുശതമാനം കുറവുചെയ്തശേഷം ഗ്രാമപഞ്ചായത്തുകൾക്കിടയിൽ വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജി.ഒ.(എം.എസ്) നമ്പർ 330/2004/തസ്വഭവ തിയ്യതി 09/12/2004 പ്രകാരം മോട്ടോർ വാഹന നികുതി പരിഹാര തുക, വസ്തു കൈമാറ്റ നികുതി, അടിസ്ഥാന നികുതി മുതലായ ഏൽപ്പിക്കപ്പെട്ട/ വിഭജിച്ച് നൽകുന്ന നികുതികൾക്ക് പകരമായി പൊതു ആവശ്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ നൽകുവാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതനുസരിച്ച് സർക്കാരിന്റെ തനതു നികുതി വരുമാനത്തിന്റെ 3.5 % പൊതു ആവശ്യ ഗ്രാന്റായും 5.5% മെയിന്റനൻസ് ഗ്രാന്റായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്.

2011 -ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതി)ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം കെട്ടിടം കൈമാറ്റം ചെയ്യുന്നയാളും കൈമാറിക്കിട്ടുന്ന ആളും മൂന്നു മാസത്തിനുള്ളിൽ സെക്രട്ടറിക്ക് നോട്ടീസ് നൽകണമെന്നും, വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ, രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് അഞ്ഞൂറ് രൂപയിൽ കവിയാത്ത തുക പിഴ ചുമത്തുന്നതിനുമാണ് വ്യവസ്ഥയുള്ളത്. ഉടമസ്ഥാവകാശം കൈമാറുന്നതിനായി പ്രത്യേക ഫീസ് ചുമത്തുന്നതിന് ചട്ടം വ്യവസ്ഥ ചെയ്യുന്നില്ല.

ആയതിനാൽ വസ്തു കൈമാറ്റത്തിന് ഗ്രാമപഞ്ചായത്തിന് പ്രത്യേകം തുക

ഈടാക്കാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.07/11.11.2019 -ന് വസ്തുകൈമാറ്റത്തിന് പ്രത്യേകം തുക ഈടാക്കുന്ന നടപടി മുൻവർഷങ്ങളിൽ തുടർന്നുവരുന്നതാണെന്നും ആയത് നിർത്തലാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത നികുതി ഈടാക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-13 പ്ലിന്ത് ഏരിയ തെറ്റായി കണക്കാക്കി വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നതിനാൽ നികുതി നഷ്ടം

1) ശ്രീ.എം.എ.അബ്ദുൾ ഖാദർ & ശ്രീമതി. അജ്മുന്നീസ, മഞ്ഞകുളിച്ച വീട്, എം.എച്ച്.എസ് റോഡ്, പുതുനഗരം എന്നവർ നിലവിലുള്ള കെട്ടിടത്തിനോപ്പം 210.18 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് A2-BA(215571)/18 തീയതി 14.08.2018 പ്രകാരം പെർമിറ്റ് എടുക്കുകയും 09.01.2019 -ന് പണി പൂർത്തീകരിച്ചതായുള്ള സർട്ടിഫിക്കറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ സമർപ്പിക്കുകയും ചെയ്തു. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം 210.18 ചതുരശ്ര മീറ്ററാണെന്നിരിക്കെ ആകെ 13 നമ്പരുകളായി 175.39 ച.മീറ്ററിന് മാത്രമാണ് നികുതി നിർണ്ണയം നടത്തി വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നം | 5/548 മുതൽ 5/560 വരെ |
| കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം | 210.18 ച മീ<br>(GF-99.72<br>FF- 99.72<br>Stair Room- 10.74) |
| നികുതി നിർണ്ണയം നടത്തിയ വിസ്തീർണ്ണം | 175.39 ച മീ<br>(GF-82.67<br>FF- 82.67<br>Stair Room- 10.74) |
| നിർണ്ണയിക്കപ്പെട്ട അടിസ്ഥാന നികുതി നിരക്ക് | 60 രൂപ/ ച.മീ |
| വർദ്ധനവ് /ഇളവ് | വർദ്ധനവ് - 20%<br>(വഴി സൗകര്യം)<br>ഇളവ് - 5%<br>(ബഹുനില വാണിജ്യം- ഒന്നാം നില മാത്രം) |
| നിർണ്ണയിച്ച നികുതി<br>(175.39 ച മീറ്ററിന്) | GF- 5952<br>FF- 5654<br>Stair Room- 723 |

| | |
|---|---|
| | BT= 12329<br>LC= 616<br>Total= 12945 |
| നിർണ്ണയിക്കാവുന്ന നികുതി<br>(210.18 ച മീറ്ററിന്) | GF- 7179<br>FF- 6820<br>Stair Room- 723<br><br>BT= 14722<br>LC= 736<br>Total= 15458 |
| നികുതി നഷ്ടം | 2513/- രൂപ |

2) ശ്രീ.ഈശ്വരൻ, പിലാത്തുർമേട്, പുതുനഗരം എന്നവർ നിലവിലുള്ള ഓഡിറ്റോറിയത്തിനൊപ്പം 83.49 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് A2-BA(114509)/18 തീയതി 15.05.2018 പ്രകാരം പെർമിറ്റ് എടുക്കുകയും 05.11.2018 ന് പണി പൂർത്തീകരിച്ചതായുള്ള സർട്ടിഫിക്കറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ സമർപ്പിക്കുകയും ചെയ്തു. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം 83.49 ചതുരശ്ര മീറ്ററാണെന്നിരിക്കെ ആകെ 5 നമ്പരുകളായി 68.13 ച.മീറ്ററിന് മാത്രമാണ് നികുതി നിർണ്ണയം നടത്തി വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നം | 1/419മുതൽ 1/423 വരെ |
| കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം | 83.49 ച മീ |
| നികുതി നിർണ്ണയം നടത്തിയ വിസ്തീർണ്ണം | 68.13ച മീ |
| നിർണ്ണയിക്കപ്പെട്ട അടിസ്ഥാന നികുതി നിരക്ക് | 40 രൂപ/ ച.മീ |
| വർദ്ധനവ് /ഇളവ് | വർദ്ധനവ് - 20%<br>(വഴി സൗകര്യം)<br>ഇളവ് -ഇല്ല |
| നിർണ്ണയിച്ച നികുതി<br>(68.13ച മീറ്ററിന്) | BT= 3275<br>LC= 163<br>Total= 3438 |
| നിർണ്ണയിക്കാവുന്ന നികുതി<br>(83.49 ച മീറ്ററിന്) | BT= 4006<br>LC= 200<br>Total= 4206 |
| നികുതി നഷ്ടം | 768/- രൂപ |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 16/14.11.2019 ന് തെറ്റായ തറ വിസ്തീർണ്ണം കണക്കാക്കി വസ്തുനികുതി ചുമത്തിയതിനാൽ കുറവുവന്ന തുക കാലതാമസം കൂടാതെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

5/548 മുതൽ 5/560 വരെയും, 1/419 മുതൽ 1/423 വരെയും നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം അളന്ന തിട്ടപ്പെടുത്തി ഫോറം 6 തയ്യാറാക്കേണ്ടതും ആയതു പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. കുറവായി ഈടാക്കിയ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിന് ഭരണ തല നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും പ്രൊഫഷണലുകളുടെയും വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതുമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 എന്നിവ പ്രകാരം ഫോറം II ൽ തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടേണ്ടതാണ്. ലഭിച്ച വിവരങ്ങൾ പ്രകാരം ചട്ടം 18(2) ന് അനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ആയത് വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും V-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്തെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുടെ വ്യാപാരികളുടെ ലിസ്റ്റ്, പ്രൊഫഷണലുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

(ബി) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1. ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിലെ 11 ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. ജീവനക്കാർക്ക് ശമ്പളം നൽകുന്നത് തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ഹെഡ് ഓഫീസിൽ നിന്നായതിനാൽ കോർപ്പറേഷനിൽ തൊഴിൽ നികുതി അടവാക്കി എന്നതാണ് കാരണമായി കാണിച്ചിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് എന്നിരിക്കെ ഈടാക്കാത്തതിന്റെ കാരണം വ്യക്തമല്ല.
2. പുതുനഗരം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ഓഫീസിലെ ജീവനക്കാരിൽ നിന്നും ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
3. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയിൽ നിന്നും ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/13.11.2019 -ന് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്നും ഈടാക്കാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പഞ്ചായത്ത് പ്രദേശത്തെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, വാർഡ് അടിസ്ഥാനത്തിലൂടെ വ്യാപാരികളുടെ ലിസ്റ്റ്, പ്രൊഫഷണലുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

1. ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി, പുതുനഗരം ഗ്രാമപഞ്ചായത്ത് കുടുബശ്രീ ഓഫീസ്, പഞ്ചായത്ത് പ്രദേശത്തെ കള്ളുഷാപ്പുകൾ, റേഷൻ കടകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയുടെ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിനും റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

(സി) ലൈസൻസ് ഇല്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 95 പ്രകാരം പെട്രോളിയം കോമ്പൗണ്ടുകൾ സംഭരിച്ചുവയ്ക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നതിന് ലൈസൻസ് ആവശ്യമാണ്. എച്ച് പി ആട്ടോ ഫ്യുവൽസ് എന്ന സ്ഥാപനം ലൈസൻസ് പുതുക്കാനായി അപേക്ഷ സമർപ്പിക്കുകയും ഫീസ് അടക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) അനധികൃതമായി പ്രവർത്തിക്കുന്ന കശാപ്പുശാലകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 231-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു പൊതു കശാപ്പുശാലയിലോ ലൈസൻസുള്ള കശാപ്പുശാലയിലോ വെച്ചല്ലാതെ കശാപ്പുചെയ്യാൻ പാടുള്ളതല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ചട്ടം 40എ പ്രകാരം കശാപ്പിന്റെ അവശിഷ്ടങ്ങൾ, മാലിന്യങ്ങൾ എന്നിവ അത് നിക്ഷേപിക്കാനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്തും രീതിയിലും അല്ലാതെ മറ്റൊരിടത്തും നിക്ഷേപിക്കുവാനോ

കുഴിച്ചുമൂടുവാനോ ഒഴുക്കിവിടുവാനോ പാടില്ലാത്തതാകുന്നു. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കശാപ്പുശാലകൾ, ഇറച്ചിക്കടകൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ലൈസൻസ് ഇല്ലാതെ അറവുശാലകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ചും അറവുമാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നത് സംബന്ധിച്ചും നിരവധി പരാതികൾ ഉണ്ടായിട്ടും നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

(എഫ്) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച 08/11.11.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ചുവടെ പറയുന്ന പ്രകാരം സ്ഥാപനം മറുപടി നൽകിയിട്ടുണ്ട്.

എ) അപാകതകൾ പരിഹരിച്ച് ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിയ്ക്ക് അനുസൃതമായി അപേക്ഷാ ഫോറത്തിലും രജിറ്ററിലും മാറ്റങ്ങൾ വരുത്തുന്നതാണ്.

ബി) മാവേലി സ്റ്റോറിനും റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

സി) 4/1 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എച്ച്പി ഫ്യൂവൽസ് എന്ന സ്ഥാപനത്തിന് അഗ്നി സുരക്ഷാ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലാണ് ലൈസൻസ് പുതുക്കിനൽകാതിരുന്നത്. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് അറവുമാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതാണ്.

ഇ) ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കുന്നതാണ്.

എഫ്) ലൈസൻസ് ഫീസ് ഈടാക്കുന്നതിനൊപ്പം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നത് ഇരട്ടി ഫീസ് ഈടാക്കലാണെന്നും ആയത് വാങ്ങേണ്ടതില്ലെന്ന സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കാത്തത്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മറുപടി പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 വാടക,ലേലം- വരുമാന വർദ്ധനവിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്

<u>1. മത്സ്യ മാർക്കറ്റ് - നടപടികളിലെ അപാകതകൾ മൂലം റവന്യൂ നഷ്ടം</u>

പുതുനഗരം ഗ്രാമപഞ്ചായത്ത് വക മത്സ്യ മാർക്കറ്റ് ഗ്രൗണ്ടിൽ നിന്നും 2018-19 വർഷത്തേക്ക് ഫീസ് പിരിക്കുവാനുള്ള അവകാശം 20.03.2018 ന് ലേലം ചെയ്യുകയും ശ്രീ. മുജീബ് റഹ്മാൻ s/o ഷറഫുദ്ദീൻ, സൗത്ത് സ്ട്രീറ്റ്, പുതുനഗരം എന്നയാൾ 3,16,000/- രൂപയ്ക്ക് ലേലം കൊള്ളുകയും ചെയ്തു. ലേലം എടുക്കുന്നവർ ലേലതുകയുടെ മൂന്നിലൊന്ന് അന്നേ ദിവസം തന്നെ അടക്കേണ്ടതാണെന്നും ബാക്കി സംഖ്യ 12 തവണകളായി അടക്കാവുന്നതുമാണെന്ന ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി ലേലം കൊണ്ട ശ്രീ. മുജീബ് റഹ്മാൻ 1,05,400/- രൂപ 21.03.2018 -ൽ അടവാക്കി. എന്നാൽ എഗ്രീമെന്റ് വയ്ക്കുകയോ ബാക്കി തുക ഗഡുക്കളായി അടവാക്കുകയോ ചെയ്തില്ല. കരാറിൽ ഏർപ്പെടാത്ത ലേലം അസാധുവാണെന്നിരിക്കെ ലേലം നൽകിയ ഉടൻ കരാറുവയ്ക്കുന്നതിനോ അല്ലാത്തപക്ഷം ലേലം റദ്ദുചെയ്യുന്നതിനോ ശ്രമിച്ചിട്ടില്ല. 6 പ്രതിമാസ ഗഡുക്കൾ അടവാക്കാതിരുന്നിട്ടും

10.10.2018 -ന് മാത്രമാണ് കരാർ വയ്ക്കുന്നതും കുടിശ്ശിക ഈടാക്കുന്നതും സംബന്ധിച്ച നോട്ടീസ് സെക്രട്ടറി നൽകിയിട്ടുള്ളത്.

ഭരണസമിതിയുടെ 09.11.2018 ലെ തീരുമാന പ്രകാരം പുനർലേലം നടത്തിയതിൽ ലേലവിളി 105333/- രൂപയിൽ ആരംഭിച്ചെങ്കിലും ലേലത്തിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടതനുസരിച്ച് 10,000/- രൂപയിൽ തുടങ്ങുന്നതിന് സെക്രട്ടറി അനുമതി നൽകുകയും 50,000/- രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. പുനർലേലം കൊണ്ട ലേലക്കാരനുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല. 2018-19 വർഷം മുഴവൻ മാർക്കറ്റ് നടത്തുന്നതിനാണ് ശ്രീ. മുജീബ് റഹ്മാൻ (ആദ്യ ലേലക്കാരൻ) ലേലം കൊണ്ടതെന്നിരിക്കെ മുഴവൻ വർഷത്തെക്കുള്ള തുക ടിയാനിൽ നിന്ന് ഈടാക്കിയിരുന്നെങ്കിൽ 3,16,000/- രൂപ ലഭിക്കുമായിരുന്നിടത്ത് 3 മാസം ശേഷിക്കെ ലേലം റദ്ദുചെയ്ത് കുറഞ്ഞ തുകയ്ക്ക് പുനർ ലേലം ചെയ്തതിനാൽ 2,87,000/- രൂപ മാത്രമാണ് ഡിമാന്റ് ചെയ്യപ്പെട്ടത് (നഷ്ടം 29,000/- രൂപ). ആയതിൽ 1,80,400/- രൂപ കളക്ട് ചെയ്യുകയും ബാക്കി തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിവരികയും ചെയ്യുന്നുണ്ട്.

2. മത്സ്യമാർക്കറ്റ് ലേലം - തുക ഗഡുക്കളായി അടവാക്കുന്നതിന് അനുവദിക്കുന്നതുമൂലം കുടിശ്ശിക ഉണ്ടാവുന്നു

മത്സ്യമാർക്കറ്റിൽ നിന്നും ഫീസ് പിരിക്കാനുള്ള അവകാശം ഒരു വർഷത്തേക്ക് ലേലം കൊള്ളുന്നവർ നിശ്ചിത ശതമാനം തുക ആദ്യം അടവാക്കി ബാക്കി തുക ഗഡുക്കളായി അടക്കുന്നതിന് അനുമതി നൽകുന്ന രീതിയാണ് തുടർന്നുവരുന്നത്. ലേലം കൊള്ളുന്നവർ ഗഡുക്കൾ അടക്കുന്നതിൽ വീഴ്ച വരുത്തുകയും കുടിശ്ശിക ഈടാക്കുന്നതിനായി പഞ്ചായത്തിന് പ്രോസിക്യൂഷൻ/ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടി വരികയും ചെയ്യുന്നു. ഈയിനത്തിൽ നിലവിലെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശിക | കുടിശ്ശികവരുത്തിയ ലേലക്കാരന്റെ പേര് | കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടി |
|---|---|---|---|
| 2016-2017 | 91000 | മുഹമ്മദ് ഹനീഫ | പ്രോസിക്യൂഷൻ |
| 2017-2018 | 275000 | സലീം | പ്രോസിക്യൂഷൻ |
| 2018-2019 | 106600 | മുജീബ് റഹ്മാൻ | റവന്യൂ റിക്കവറി |

ആകെ 4,75,600/- രൂപ തുടർച്ചയായ വർഷങ്ങളിൽ കുടിശ്ശിക വരുത്തിയിട്ടും ഗഡുക്കളായി അടവാക്കാൻ അനുവദിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

3. പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചമല്ലാതിരുന്നിട്ടും കടമുറികളുടെ വാടക വർദ്ധനവ് 3% ആക്കി കുറച്ചിരിക്കുന്നു.

2018-19 വർഷം മുൻവർഷത്തെ വാടകയിൽ നിന്നും 3 % ശതമാനം വർദ്ധനവ് വരുത്തിയാണ് വാടക നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 2016-17 ആയത് 10% വും 2017-18 ൽ 5% വും

ആയിരുന്നു. ജിഎസ്ടി നടപ്പിലാക്കിയത് മൂലം വ്യാപാരികൾക്ക് അധികബാധ്യത ഉണ്ടായതിനാൽ പഴയ നികുതി നിരക്കിൽ പുതുക്കി നൽകണമെന്ന ആവശ്യം പരിഗണിച്ചാണ് ഭരണസമിതിയുടെ നടപടിയെന്നും കാണുന്നു. പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചമല്ലെന്നിരിക്കെ വാടക വർദ്ധനവിന്റെ നിരക്ക് കുറച്ച് നൽകിയിരിക്കുന്നു.

4. ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകൾനിലയിലുള്ള, മുൻപ് പഞ്ചായത്ത് പെർഫോർമൻസ് ഓഡിറ്റ് ഓഫീസായി ഉപയോഗിച്ചിരുന്ന രണ്ട് മുറികൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയിലാണ്. ഇവ വാടകയ്ക്ക് നൽകി വരുമാനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

5. മാവേലി സ്റ്റോർ വാടക പുനർനിർണ്ണയം സംബന്ധിച്ച്

ഷോപ്പിംഗ് കോംപ്ലക്സിലെ 4,5 മുറികൾക്ക് ആകെ 633/- രൂപ മാത്രമാണ് പ്രതിമാസ വാടകയായി ഈടാക്കിവന്നത്. സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാടക പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 6/11.11.2019 -ന് ലേലസംഖ്യ അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് പുനർലേലം നടത്തിയതെന്നും ലേല സംഖ്യ ഗഡുക്കളായി അനുവദിക്കൽ, കടമുറികളുടെ വാടക വർദ്ധനവ് എന്നിവ സംബന്ധിച്ച് ഭരണ സമിതിയുമായി അലോചിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണെന്നും ഒഴിഞ്ഞുകിടക്കുന്ന മുറികൾ ലേലം ചെയ്തെങ്കിലും ആരും പങ്കെടുക്കാത്തതിനാലാണ് പഞ്ചായത്തുവക വസ്തുക്കളും പഴയ ഫർണ്ണീച്ചറുകളും ടി മുറികളിൽ സൂക്ഷിച്ചിട്ടുള്ളതെന്നും മാവേലി സ്റ്റോർ വാടക പുനർ നിർണ്ണയിച്ച നൽകുന്നതിന് അസി. എഞ്ചിനീയർക്ക് കത്തുനൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്

.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലേലം നടപടികൾ ഗ്രാമപഞ്ചായത്തിന് നഷ്ടം വരാത്ത രീതിയിൽ കൈക്കൊള്ളേണ്ടതാണ്. ലേല തുക ഗഡുക്കളായി അനുവദിക്കുന്നത് മൂലം കുടിശ്ശിക ഉണ്ടാകുന്നു എന്നതും പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചമല്ലെന്നിരിക്കെ വാടക വർദ്ധനവിന്റെ നിരക്ക് കുറച്ചു നൽകി എന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
2. ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകൾനിലയിലുള്ള ഒഴിഞ്ഞുകിടക്കുന്ന രണ്ട് മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ വാടക പുനർനിർണ്ണയിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ഡെപ്പോസിറ്റ് ചെയ്ത, കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവർത്തികളുടെ പൂർത്തികരണ രേഖകൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന വിവിധ പദ്ധതികൾക്ക വേണ്ടി ഡെപ്പോസിറ്റ് ചെയ്ത, കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവൃത്തികളുടെ പൂർത്തികരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.11/2019/13.11.2019

| പദ്ധതി | തുക | ട്രഷറി ബിൽ | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(129/19) | 261627 | 27/14.11.18 | കെ.എസ്.ഇ.ബി |
| വടക്കേ വിരിഞ്ഞിപ്പാടം എസ്.സി കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ(73/19) | 61410 | 28/14.11.19 | കെ.എസ്.ഇ.ബി |
| എസ്.എസ്.എ വിഹിതം നൽകൽ(2/19) | 550491 | 5/14.6.18 | പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ, പാലക്കാട്. |
| തമ്പാൻ കുളമ്പ് കുടിവെള്ള പദ്ധതി (95/19) | 46333 | 7/27.6.18 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |

# 1-18 കരിപ്പോട്തറ അങ്കണവാടി കെട്ടിട നിർമ്മാണം - പഞ്ചായത്ത് വിഹിതം നൽകി പ്രവൃത്തി നടന്നിട്ടില്ല.

പദ്ധതി - കരിപ്പോട് തറ അങ്കണവാടി കെട്ടിട നിർമ്മാണം പഞ്ചായത്ത് വിഹിതം

നൽകൽ(79/19)

അടങ്കൽ - 580000(CFC)

ചെലവ് - 580000

ട്രഷറി ബിൽ - 39/19.3.19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ 31-ാം വാർഡിൽ കരിപ്പോട്തറയിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ആകെ എസ്റ്റിമേറ്റ് തുകയുടെ 14.50 ലക്ഷം രൂപയിൽ 40% 580000/- രൂപ പഞ്ചായത്ത് വിഹിതമായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എഞ്ചിനീയറുടെ PW 8443-00-108 Deposit എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്. കൈപ്പറ്റ് രശീതി ലഭ്യമായിട്ടില്ല.

അങ്കണവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച പുരോഗതി, കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ , നിലവിലെ സ്ഥിതി എന്നിയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം 11/2019/13.11.2019 നൽകിയിരുന്നു.

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 18.3.2019 തീയതിയിലെ ICDS A7-3187/16 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്നും, അടവാക്കിയ തുകയ്ക്ക് കൈപ്പറ്റ് രശീതി ലഭ്യമാക്കാനും, കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുമായി ആവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്ത് സെക്രട്ടറി കത്തുകൾ നൽകിയിരുന്നു എന്നും , എന്നാൽ നാളിതുവരെയായി കൈപ്പറ്റ് രശീതി ലഭ്യമാക്കുകയോ, കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന മറുപടിയാണ് സെക്രട്ടറി 19.11.2019 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ വാങ്ങി നിശ്ചിത ശീർഷകത്തിൽ തിരിച്ച് അടവാക്കുകയോ ചെയ്യേണ്ടതാണ്.

# 1-19 പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ, ഫ്രണ്ട് ഓഫീസ് ഹാൾ പാർട്ടീഷൻ വർക്ക് തൻ വർഷവും പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ, ഫ്രണ്ട് ഓഫീസ് ഹാൾ പാർട്ടീഷൻ വർക്ക് എന്ന പദ്ധതി പ്രകാരം 2017-18 വർഷത്തിൽ അടങ്കൽ 544847 (ലോക ബാങ്ക് സഹായം)

വകയിരുത്തുകയും മേൽ പദ്ധതി പ്രവൃത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ മുഖേന നടപ്പിലാക്കുന്നതിന് 4,35,877/- രൂപ അഡ്വാൻസായി (ട്രഷറി ബിൽ നം.24/30.12.17) നൽകുകയും ചെയ്തിരുന്നു.

സ്ഥാപനത്തിന് മുഴുവൻ തുകയും ലഭ്യമായാൽ മാത്രമേ പ്രവൃത്തി ചെയ്യുകയുള്ളൂ എന്നതിനാൽ 2018-19 വർഷത്തിൽ പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ, ഫ്രണ്ട് ഓഫീസ് ഹാൾ പാർട്ടീഷൻ വർക്ക് (എഫ്.ഐ.ടി ആലുവ)ബാക്കി തുക അനുവദിക്കൽ (70/19)എന്ന പദ്ധതിക്കുവേണ്ടി തനത് ഫണ്ട് 108970/-രൂപ വകയിരുത്തിയെങ്കിലും പദ്ധതി ചെലവ് നടന്നിട്ടില്ല.

പഞ്ചായത്തിന്റെ തനത് ഫണ്ട് ശോചനീയമായി തുടരുന്നതിനാൽ തുക ചെലവഴിച്ച് ടി പ്രവർത്തി പൂർത്തീകരിച്ചില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നത്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ് ഹാൾ, ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ പ്രവൃത്തി 2019-20 സാമ്പത്തിക വർഷം പൂർത്തീകരിക്കുകയും 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ഐ.എസ്.ഒ. ലഭിക്കുകയുണ്ടായി.

# 1-20 പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനം

പഞ്ചായത്ത് വാഹനത്തിന്റെ (KL-70-C-2531 BOLERO) ഉപയോഗവുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ലോഗ് ബുക്കിൽ FUEL ACCOUNT രേഖപ്പെടുത്തിയിട്ടില്ല.

ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

a. ലോഗ് ബുക്ക്

b. പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

c. റിപ്പയർ രജിസ്റ്റർ

d. ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

e. സ്റ്റോക്ക് രജിസ്റ്റർ

# 1-21 കുടിവെള്ള പദ്ധതി മോട്ടോർ റിപ്പയർ

പടിക്കൽപ്പാടം കുടിവെള്ള പദ്ധതി മോട്ടോർ റിപ്പയർ തുക അനുവദിക്കൽ (92/19)

അടങ്കൽ - 101673 (തനത് ഫണ്ട്)

ചെലവ് - 101673

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ പടിക്കൽപ്പാടം കുടിവെള്ള പദ്ധതിയിലെ പമ്പിംഗ് തടസ്സപ്പെട്ടത് ശരിയാക്കി പെട്ടെന്ന് കുടിവെള്ള വിതരണം പുനസ്ഥാപിച്ചതിന് ശ്രീ.പി.വിജയകുമാർ, PWD ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് തുക നൽകിയിട്ടുണ്ട്. തനത് ഫണ്ട് ശോചനീയമായതിനാൽ 2017-18 ലെ പ്രവർത്തിക്ക് 2018-19 ലാണ് ഭരണസമിതി തീരുമാനം എടുത്ത് തുക നൽക്കിയിരിക്കുന്നത്.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ No.EL-2D/871-18 /9.8.17 കത്ത് പ്രകാരം വർക്ക് പൂർത്തീകരിച്ചതായി work bill പഞ്ചായത്തിന് നൽകിയിട്ടുണ്ട്. 15 HP മോട്ടോർ മാറ്റി സ്ഥാപിക്കൽ എന്നാണ് പ്രവർത്തി.

പുതിയ മോട്ടോർ വാങ്ങിയതിന്റെ ബില്ല്, വാറണ്ടി എന്നിവ പരിശോധനക്ക് ലഭ്യമയിട്ടില്ല.

പഴയ 15 HP Borewell submerssible motor മാറ്റിയത് റിപ്പയർ ചെയ്ത് ഉപയോഗപ്പെടുത്തിയിതിന്റെയോ, ഇല്ലെങ്കിൽ പഞ്ചായത്തിൽ രേഖാമൂലം തിരിച്ച് ഏൽപ്പിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ഓഡിറ്റ് അന്വേഷണം 11/2019/13.11.2019 നൽകിയതിന് പഴയ 15 HP Borewell submerssible motor മാറ്റിയത് ഉപയോഗശൂന്യമാണ് ആയത് പഞ്ചായത്തിൽ തിരികെ ഏല്പിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും, പുതിയ മോട്ടോർ വാങ്ങിയതിന്റെ ബില്ല്, വാറണ്ടി എന്നിവ കരാറുകാരനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-22 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികളുണ്ട് - പടിക്കൽപാടം കുടിവെള്ള പദ്ധതി, ചന്തപ്പേട്ടവട്ടാരം കുടിവെള്ള പദ്ധതി. വാട്ടർ അതോറിറ്റിയുടെ നാല് ബൾക്ക് മീറ്ററുകൾക്ക് വാട്ടർ ചാർജ്ജ് അടവാക്കുന്നുണ്ട്, വാട്ടർ അതോറിറ്റിയുടെ 6 പൊതുടാപ്പുകൾക്കും വാട്ടർ ചാർജ്ജ് അടവാക്കുന്നുണ്ട്.

ഓഡിറ്റിന് ലഭ്യമാക്കിയ വിശദീകരണം പ്രകാരം - ഗാർഹിക കണക്ഷൻ -1227, വെള്ളക്കരം നിരക്ക് 70/- രൂപ, ഗാർഹികേതര കണക്ഷൻ - 18, വെള്ളക്കരം നിരക്ക് 300/- രൂപ. മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 2018-19ലെ ആവർത്തന ചെലവുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം,<br>മീറ്റർ റീഡിംഗ് വേതനം | 182500 |
| അറ്റകുറ്റപണികൾ | 211757 |
| ഇലക്ട്രിസിറ്റി ചാർജ് | 264928 |

| | |
|---|---|
| കേരള വാട്ടർ അതോറിറ്റിയുടെ ബൾക്ക് മീറ്റർ വാട്ടർ ചാർജ്ജ് കുടിശ്ശിക പ്രോജക്റ്റ് വച്ച് അടവാക്കിയത്(MG NR) | 1020000 |
| പൊതുടാപ്പ് വാട്ടർ ചാർജ്ജ് | 35685 |
| ആകെ ചെലവ് | 1714870 |

2018-19ലെ വെള്ളക്കരം വരവുമായി താരതമ്യം ചെയ്യുമ്പോൾ ചെലവ് വളരെ കൂടുതലാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷ വരവ് | 476923 |
| കുടിശ്ശിക വരവ് | 200105 |
| ആകെ വരവ് | 677028 |
| ചെലവ് | 1714870 |
| വ്യത്യാസം | 1037842 |

കേരള വാട്ടർ അതോറിറ്റിയുടെ ബൾക്ക് മീറ്റർ വാട്ടർ ചാർജ്ജ് കുടിശ്ശിക 31.03.2019 വരെ അടവാക്കാനുള്ളത് 2,96,25,279/- രൂപ.

സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതികളെ ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തനതു വരുമാനം താരതമ്യേന കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് വലിയൊരു ബാധ്യതയാകാതിരിയ്ക്കാൻ ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

# 1-23 അംഗീകാരമില്ലാതെ ദിവസവേതനത്തിന് ആളെ നിയോഗിച്ചു

ശ്രീമതി. ഭാനുമതി w/o സത്യപ്രകാശ് എന്നവർക്ക് പഞ്ചായത്തിലെ വിവിധ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് മസ്ററർ റോൾ പ്രകാരം താഴെ പറയുന്ന വേതനം നൽകിയിട്ടുണ്ട്.

| വൗച്ചർ | തുക |
|---|---|

| | |
|---|---|
| 21800016/4.4.18 | 9940 |
| 21800103/2.5.18 | 9940 |
| 21800193/1.6.18 | 10650 |
| 21800281/11.7.18 | 5680 |
| 21800415/23.8.18 | 14910 |
| ആകെ | 51120 |

ദിവസ വേതനത്തിന് ക്ലറിക്കൽ തസ്തികയിൽ നിയമനം നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/13-11-2019) മറുപടിയായി ശ്രീമതി.ദിവ്യ, ക്ലർക്ക് 30.12.2017 മുതൽ 27.5.2018 വരെ പ്രസവാവധിയിലും തുടർന്ന് 28.5.18 മുതൽ 27.7.18 വരെ ശൂന്യവേതനാവധിയിലും ആയിരുന്നു എന്നാണ് മറുപടി. ദിവസ വേതനത്തിന് ക്ലറിക്കൽ തസ്തികയിൽ നിയമനം നടത്തിയതിന് പഞ്ചായത്ത് ഭരണവകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ടി വിഷയം പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ അനുവദനീയമല്ലാത്ത രീതിയിൽ ദിവസവേതനത്തിന് ചെലവഴിച്ച തുക 51120 രൂപ ചെലവ് അനുമതിക്ക് വിധേയമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-24 തെരുവ് വിളക്കുകളുടെ ആസ്തിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വാർഡ് തിരിച്ചുള്ള കണക്ക് കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കെ.എസ്.ഇ.ബി യുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ ഇത്തരം ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് പ്രകാരമാണ് തെരുവ് വിളക്ക് അറ്റകുറ്റപണികളുടെ തുക അനുവദിക്കുന്നത്.

# 1-25 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ -നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് 49/18 – ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ-പട്ടികജാതി നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ പ്ലാൻ - എസ്.സി.പി -19910

ചെലവ്- 19910

ബിൽ നം- 1/18-19 തിയ്യതി 22.06.2018

പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിൽ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ -എസ്.സി (പ്രോജക്ട് നം. 145/18) എന്ന പദ്ധതിക്ക് 376090/- രൂപ വകയിരുത്തിയിരുന്നു.എന്നാൽ അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും സൈക്കിൾ അനുവദിക്കുന്നതിനുള്ള തുക ലഭ്യമല്ലാത്തതിനാലും നിർധനരായ എസ്.സി വിദ്യാർത്ഥികളായതിനാലും അപേക്ഷിച്ച എല്ലാ കുട്ടികൾക്കും സൈക്കിൾ അനുവദിക്കുന്നതിന് 17.3.2018 ലെ 2 ( 1) നമ്പർ ഭരണസമിതി തീരുമാനം എടുത്തു. ലിസ്റ്റിലെ 88 പേർക്കും സൈക്കിൾ അനുവദിക്കുവാനും അടങ്കലിൽ അധികരിച്ചു വരുന്ന ചെലവ് (88x4500 = 396000 – അടങ്കലിനേക്കാളും 19910 രൂപ അധികം) 2018-19 വർഷത്തിൽ പുതിയ പ്രൊജക്ട് വച്ച് തുക നൽകുവാനും ഭരണസമിതി തീരുമാനിച്ച് 20.3.18 ന് കരാർ ഒപ്പുവയ്ക്കുകയും സപ്ലൈ ഓർഡർ പ്രകാരം 88 സൈക്കിളുകൾ വാങ്ങി 27.3.18 ന് വിതരണം ചെയ്യുകയും ചെയ്തു. അടങ്കൽ തുകയായ 376090/- രൂപ മാത്രമാണ് 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിരിക്കുന്നത്. (ബിൽ നമ്പർ - 6/28.3.18 – 376090). 2018-19 സാമ്പത്തിക വർഷത്തിൽ മേൽ സ്ഥാപനത്തിന് പദ്ധതി പ്രകാരം വാങ്ങിയ സൈക്കിളുകളുടെ ബാക്കി തുക ബിൽ നം.1/18-19 തിയ്യതി 22.06.18 പ്രകാരം 19910 /- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നല്കിയിരിക്കുന്നു.ഭരണാനുമതി ലഭിച്ച തുകയിൽ അധികരിച്ച് ചെലവ് ചെയ്യാവുന്നതല്ല എന്നതിനാൽ അടങ്കലിൽ കൂടുതൽ തുകയ്ക്ക് സൈക്കിൾ വാങ്ങൽ നടത്തിയത് നിയമാനുസൃതമല്ല. കൂടാതെ 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിൽ സൈക്കിൾ നൽകുന്നതിനുള്ള പദ്ധതികൾ അനുവദനീയവുമല്ല.അംഗീകൃത പദ്ധതി ഖണ്ഡിക 42-അധിക വിവരങ്ങൾ- എന്നതിൽ ടി ചെലവ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും പിന്നീട് സർക്കാർ അനുമതി വാങ്ങി ക്രമീകരണം നടത്തുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിൽ ചെയ്യുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.ആയതിനാൽ പ്രസ്തുത ചെലവ് സാധൂകരിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും സൈക്കിൾ ലഭ്യമാക്കണം എന്ന ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടങ്കലിൽ അധികരിച്ച് പർച്ചേസ് നടത്തിയതിനും പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിക്കാത്ത ഇനത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിനും വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/7.11.19) ലഭിച്ച മറുപടിയിൽ 2017-18 വർഷത്തിൽ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച മുഴുവൻ എസ്.സി.വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിക്കാം എന്ന സദുദ്ദേശത്തോടുകൂടി നടപ്പിലാക്കിയ പദ്ധതി ആയതിനാലും 2017-18 വർഷം നല്കുവാൻ ബാക്കിയുണ്ടായിരുന്ന തുകയായ 19910/- രൂപയുടെ പദ്ധതി തയ്യാറാക്കി ഡിപിസിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക തൻവർഷത്തിൽ സൈക്കിളുകൾ വാങ്ങിയ സ്ഥാപനത്തിന് നല്കുക മാത്രമാണ് ചെയ്തതെന്ന് സൂചിപ്പിച്ചിരിക്കുന്നു. ഭരണാനുമതി ലഭിച്ച തുകയിൽ അധികരിച്ച് ചെലവ് ചെയ്യാവുന്നതല്ല എന്നതിനാൽ അടങ്കലിൽ കൂടുതൽ തുകയ്ക്ക് സൈക്കിൾ വാങ്ങൽ നടത്തിയത്

നിയമാനുസൃതമല്ല എന്നതിനാലും 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിൽ സൈക്കിൾ നൽകുന്നതിനുള്ള പദ്ധതികൾ അനുവദനീയവുമല്ലാത്തതിനാലും മറുപടി അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു)

# 1-26 ലൈഫ് ഭവന പദ്ധതി

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും

ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ടം

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ പൂർത്തീകരിക്കാത്തതിനാൽ 2018-19 വർഷത്തിൽ പ്രോജക്ട് നം.128/19 -ലൈഫ് ഭവന നിർമ്മാണം സ്പിൽ ഓവർ എന്ന പദ്ധതി പ്രകാരം 33334/-രൂപ പ്ലാൻ ഫണ്ടും തനത് ഫണ്ട് 120001രൂപയും 400000 രൂപ മെയിന്റനൻസ് (റോഡിതരം) ഗ്രാന്റുംകൂടി ആകെ 553335 രൂപ വകയിരുത്തി 553332രൂപ 13 ഗുണഭോക്താക്കൾക്ക് ആനുപാതിക തുക നല്കി ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ പുതുനഗരം ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 214 ഉം എസ്.സി വിഭാഗത്തിൽ 17 ഉം പേരുമാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 142 (ജനറൽ 135+എസ്.സി 7 ) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം 3 പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്.നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (15/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2419000 | 2416460 |
| ബ്ലോക്ക് പഞ്ചായത്ത് | 545455 | 545455 |
| ജില്ലാ പഞ്ചായത്ത് | 1318085 | 1318085 |
| മറ്റിനം(വായ്പ്പ) | 60517460 | 24260000 |
| ആകെ | 64800000 | 28540000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 135 | 40000 | 5400000 |
| II | 133 | 160000 | 21280000 |
| III | 31 | 1. 29* 60000<br>2. 2*20000 | 1860000 |
| ആകെ | | | 28540000 |

ഭവന നിർമ്മാണം ആരും പൂർത്തീകരിച്ചിട്ടില്ല.

<u>b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 16/19)-എസ്.സി.പി</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-I

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1518000 | 1516500 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 1102150 | 1102150 |
| മറ്റുള്ളവ | 0 | 0 |
| ആകെ | 2620150 | 2618650 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| I | 7 | 40000 | 280000 |
| II | 7 | 160000 | 1120000 |
| III | 7 | 1. 2* 160000<br>2. 5*100000 | 820000 |
| IV | 4 | 1.2*40000<br>2.3*100000<br>3.1*2150 | 382150 |
| ആകെ | | | 2618650 |

ആകെയുള്ള 7ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ മാത്രമാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 24260000/-- രൂപ ഹഡ്കോയിൽ നിന്ന KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ ചിറ്റൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ സർക്കാർ വിഹിതമായി 5200000/- ലക്ഷം രൂപ 14.6.19 ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് ( SBI,Chittur A/c No.67390495828 ) 52 ഗുണഭോക്താക്കൾക്ക് വൗച്ചർ നം.273/7-19 തിയ്യതി 29.7.19 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ഭവനനിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഭാഗികമായി കൈപ്പറ്റിയ ധനസഹായം ഈടാക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി ഫേസ് II പ്രകാരം ധനസഹായം കൈപ്പറ്റിയ അഷറഫലി, ഈശ്വലവട്ടാരം എന്ന ഗുണഭോക്താവിന് പ്രളയ ദുരിതാശ്വാസ പദ്ധതി പ്രകാരം ധനസഹായം ലഭ്യമായതിനാൽ കൈപ്പറ്റിയ 40000/രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.( ഓഡിറ്റ് അന്വേഷണം നം.10/13.11.19 )

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-27 ODF-പദ്ധതി-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെ ODF പദ്ധതി നടത്തിപ്പിലേക്ക് ശുചിത്വ മിഷനിൽ നിന്നും വന്ന 1548000/-രൂപയിൽ നാളിതുവരെയായി ആകെ 1449225/-രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 98775/- രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് ഫണ്ട് അക്കൗണ്ടിൽ (ഇന്ത്യൻ ബാങ്ക്, പുതുനഗരം-A/C No.6453045556) അവശേഷിക്കുന്നുണ്ട്. പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിക്കാത്തതിനാൽ മിച്ച തുക സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/8.11.19) ലഭിച്ച മറുപടിയിൽ തുക തിരിച്ചടച്ച് വിവരം അറിയിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

# 1-28 ഖരമാലിന്യ സംസ്ക്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും വന്ന തുക ചെലവഴിച്ചിട്ടില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്

ഖരമാലിന്യ സംസ്ക്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും 1200000/-രൂപ 10.4.18 ൽ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് ഫണ്ട് അക്കൗണ്ടിൽ (ഇന്ത്യൻ ബാങ്ക്, പുതുനഗരം-A/C No.6453045556) NEFT മുഖാന്തിരം വരവിൽ വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെയായി ചെലവഴിച്ചിട്ടില്ല.

ആരോഗ്യം, ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകളിലും മാലിന്യ സംസ്കരണത്തെക്കുറിച്ച് നിരവധി ചർച്ചകളും നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മിനിട്ടുസിലെ 12.12.18 ലെ തീരുമാനം നം.3,9.8.18 ലെ തീരുമാനം നം.5 എന്നിവയിൽ ഉറവിടെ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് സബ്സിഡി നിരക്കിൽ ബയോ ഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസിറ്റ്, പൈപ്പ് കമ്പോസിറ്റ് എന്നിവ സ്ഥാപിച്ച് മാലിന്യം സംസ്കരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്വീകരിച്ച് നടപടികൾ, ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളായ സ്ഥലം വാങ്ങി പ്ലാന്റ് സ്ഥാപിച്ചതിന്റേയും വാഹനം വാങ്ങിയതിന്റേയും ഹരിത കർമ്മസേന രൂപീകരിച്ചതിന്റേയും മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിച്ച് മാലിന്യം സംസ്കരണം നടത്തുവാൻ സ്വീകരിച്ച നടപടികളുടേയും വിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 3/ 8.11.19) ലഭിച്ച മറുപടിയിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് മത്സ്യമാർക്കറ്റ് പരിപാലന പദ്ധതിക്കായി 984000/-രൂപയും ഒ.ഡി.എഫ് പദ്ധതിക്കായി 216000/-രൂപയും വകയിരുത്തി ഡി.പി.സി.അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ 2019-20 വർഷത്തിൽ എം.സി.എഫ് നിർമ്മാണനത്തിനായി 800000/- രൂപയും വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ 108700/- രൂപയും ഹരിതസഹായ സ്ഥാപനത്തിന് 120000/- രൂപയും വയയിരുത്തിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-29 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

1. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 23 സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടെ തൻവർഷം 61 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 46എണ്ണത്തിൽ മാത്രമേ ചെലവുള്ളൂ. . വകയിരുത്തിയ 16004301/-

രൂപയിൽ 9740662/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 61% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2018-19 വർഷിക പദ്ധതിക്കായി ആകെ ഒരു പ്രാവശ്യം മാത്രമേ യോഗം കൂടിയിട്ടുള്ളൂ. 2018-19 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്യുന്നത് വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടാണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

സൈറ്റിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കപ്പെടാത്തതു പദ്ധതികൾ നീണ്ടുപോകുന്നതിന് കാരണമാകുന്നുണ്ട്. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ - രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.
- 2017-18 വർഷത്തെ എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തീയതി ചേർത്തിട്ടില്ല. 2018-19 ലെ ശങ്കരത്ത് കോളനി കുടിവെള്ള പദ്ധതി പ്രവൃത്തിയിൽ എഗ്രിമെന്റ് വെച്ച തീയതിയും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതിയും ചെൽത്തിട്ടില്ല. വർക്ക് ഫയൽ പ്രകാരം 26.11.18 ന് ടെണ്ടർ അംഗീകരിച്ച് 28.11.18 ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ള പ്രവൃത്തിയുടെ എഗ്രിമെന്റിൽ തീയതി ചേർത്തിരിക്കുന്നത് 8.11.18 ആണ്.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോഴും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിനു ശേഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള നോട്ടീസിൽ വിവരങ്ങൾ ചേർത്തിരിക്കുന്നത് പൂർണ്ണമല്ല.
- എല്ലാ ടാറിംഗ് പ്രവൃത്തികളിലും കരാറുകാർ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ/ പകർപ്പ് ബില്ലുകൾ വെച്ചിട്ടില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ

കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല

2017-18 വർഷത്തിലെ (18-19സ്പിൽ ഓവർ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ വിവരങ്ങൾ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (KG) | ബാരലിന്റെ എണ്ണം | ബാരൽവില @ ₹281 |
|---|---|---|---|---|
| 1. | പാലക്കാം പാടം കാരാട്ടുകുളമ്പ് റോഡ് റീടാറിംഗ് ( 61/19 )<br>അടങ്കൽ- 300000<br>കരാറുകാരൻ- പ്രശാന്ത്.<br>ബിൽനം. - 33/22.2.19-230000/-, 34/22.2.19-70000/-<br>അളവുപുസ്തകം-205/18-19 | RS1-247.725<br>VG30 – 2552.747<br>(MB-page-17) | RS1- 1.23<br>VG30-15.777<br>17 | 4777 |
| 2. | വടക്കേ വിരിഞ്ഞിപ്പാടം ഉണ്ണൻ ചാത്തൻ തെരുവ് അങ്കണവാടി റോഡ് ടാറിം( 31/19 )<br>അടങ്കൽ- 460000<br>കരാറുകാരൻ-സമീന. H.<br>ബിൽനം. 44/16.3.19-460000/-,<br>അളവുപുസ്തകം-213/18-19, 220/18-19 | SS1- 570.79<br>RS1- 25.31<br>VG30 – 1914.28<br>(MB-220/18-19-page-16) | SS1- 3.25<br>RS1- 1.39<br>VG30 – 12.27<br>17 | 4777 |
| ആകെ ബാരൽവില | | | | 9554 |

ഉപയോഗിച്ച ബാരലിന്റെ വില 9554/- കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.11.19) നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

# 1-31 യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 -ാം വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി,പി.എ.സി ബിൽനം./തീയതി | ടെണ്ടർ / അംഗീകരിച്ച തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) ₹ |
|---|---|---|---|---|
| 1. | വനിതാ തൊഴിൽശാലാ നിർമ്മാണം, കെ.പി.തെരുവ് (122/19), 2672310/- | 31.3.18<br>30.4.18 | 13.6.18<br>ആർ. ഹാരിക്ക് | 26723 |

കരാറുകാരനിൽ നിന്നും ₹.26723/- പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.11.19) നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

# 1-32 പ്രവൃത്തി പൂർത്തീകരണ കാലാവധി

# ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായി 2018-19 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാർ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി. അംഗീകാരം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ് .

മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന്<br>(അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നല്കിയിട്ടില്ല. ദീർഘിപ്പിക്കാൻ നിയമാനുസൃതമായ രീതിയിലല്ല ഫൈൻ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. പൂർത്തീകരണ കാലാവധി ആദ്യ തവണ 25% ൽ അധികരിച്ചും ആകെ 50% ൽ അധികരിച്ചും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രവൃത്തികളിൽ ഫൈൻ കുറവായാണ് ഈടാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | പിഴ ഈടാക്കേണ്ടത് 1%+2% | ഈടാക്കിയത് | ബാക്കി പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|
